3-5 വർഷ കാലയളവിലേയ്ക്ക് പുതിയ വാഹനം ലീസിന് എടുക്കാൻ അനുമതിയുണ്ട്. ധനകാര്യ വകുപ്പിന്റെ സർക്കുലർ 85/2018/ഫിൻ, തീയതി 15-9-2018 പ്രകാരം ലീസിന് എടുക്കുന്ന വാഹനങ്ങൾ വാണിജ്യ വാഹനങ്ങൾ ആയിരിക്കണം എന്ന് നിലവിൽ നിബന്ധനയില്ല. ആയതിനാൽ സ്വകാര്യ വാഹനങ്ങളും ഇത്തരത്തിൽ ലീസിന് എടുത്ത് ഉപയോഗിക്കാൻ കഴിയുന്നതാണ്. പ്രസ്തുത നിബന്ധന മാറ്റുന്ന കാര്യം പരിശോധിച്ചുവരികയാണ്. എല്ലാത്തരം നോൺ ട്രാൻസ്പോർട്ട് (സ്വകാര്യ) വാഹനങ്ങളുടെയും 15 വർഷത്തെ നികുതി ഒറ്റത്തവണയായി ഈടാക്കുന്നതിനാൽ ഇതുമൂലം നികുതിനഷ്ടം ഉണ്ടാകുന്നില്ല.

**സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ്**

275(1260) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച സീ അഷ്ടമുടി പാസഞ്ചർ കം ടൂറിസം ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി സാധാരണ യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന രണ്ട് ഡെക്കുകൾ ഉള്ള സീ-അഷ്ടമുടി പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി ബോട്ടുകളുടെ 6 നിർമ്മാണ ഘട്ടങ്ങളിൽ 5-ാം ഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം മേഖലയിൽ ടി ബോട്ട് എത്തിച്ചതിനുശേഷമുള്ള ഇന്റീരിയർ വർക്കുകളാണ് ഇനി ചെയ്യാനുള്ളത്. ആയതുകൂടി പൂർത്തീകരിച്ച് കാലതാമസം കൂടാതെ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലഗതാഗത വകുപ്പിലെ വിശേഷാൽ ചട്ടം**

276(1261) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് ആൻഡ് ഡോക്ക് റിപ്പയർ വിഭാഗം ജീവനക്കാരുടെ വിശേഷാൽ ചട്ടം [ജി.ഒ (പി) നമ്പർ 2925/01/2004/ ട്രാൻസ് തീയതി 15-7-2007] ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യു, 18-8-1975, റിപ്പയർ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ.81/88/പി.ഡബ്ല്യു.ആന്റ്.റ്റി., 29-12-1988 എന്നിവയാണ്. ആയത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ മറികടന്നുകൊണ്ട് സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് കൈമാറിയിരുന്നു. ടി കരട് ചട്ടങ്ങളിന്മേൽ കമ്മീഷൻ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിശദാംശം ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

**തൃശ്ശൂർ മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ**

277(1262) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം**

278(1263) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly